**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5552** **13-08-2021 - ൽ മറുപടിയ്ക്ക്**

**വനാവകാശ നിയമം പ്രകാരം ലഭിച്ച ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. സനീഷ്‌കുമാർ ജോസഫ്,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ . സണ്ണി ജോസഫ്** | | **Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | 2005-ലെ വനാവകാശ നിയമം കേരളത്തിൽ പൂർണതോതിൽ നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോ; | (എ) | വനാവകാശ നിയമം കേരളത്തിൽ പൂർണ്ണതോതിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നു വരുന്നു. ഇതിന്റെ ഭാഗമായുള്ള വ്യക്തിഗത, സാമൂഹിക , വികസനാവശ്യങ്ങൾക്കുള്ള ആവകാശങ്ങൾ ചിലയിടങ്ങളിൽ ഇനിയും പൂർണ്ണതോതിൽ നടപ്പിലാക്കേണ്ടതുണ്ട്. |
| (ബി) | ആദിവാസികൾക്ക് ലഭിച്ച ഭൂമി വനം വകുപ്പ് ഇപ്പോഴും വനഭൂമിയായി കണക്കാക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | വനാവകാശ നിയമ പ്രകാരം വ്യക്തിഗത അവകാശങ്ങൾ കൽപ്പിച്ചു നൽകുന്ന ഭൂമി നിയമപരമായി വനഭൂമിയായി തന്നെ തുടരുന്നതാണ്. |
| (സി) | ഇതുമൂലം വീട് വയ്ക്കാനോ വനവിഭവങ്ങൾ ശേഖരിക്കാനോ ആദിവാസികൾക്ക് കഴിയാത്ത സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; | (സി) | വനാവകാശ നിയമ പ്രകാരം വ്യക്തിഗത അവകാശങ്ങൾ കൽപ്പിച്ചു നൽകുന്ന ഭൂമിയിൽ അവകാശികൾക്ക് വീട് വയ്ക്കുന്നതിനോ, കൃഷി മുതലായ ഉപജീവനമാർഗ്ഗങ്ങൾ കണ്ടെത്തുകയോ ചെയ്യുന്നതിന് തടസ്സങ്ങൾ ഇല്ലാത്തതാണ്. കൂടാതെ വനാവകാശ നിയമപ്രകാരം സാമൂഹികാശം അനുവദിച്ചിട്ടുള്ള വനപ്രദേശത്തു നിന്നും തടിയേതര വന വിഭവങ്ങൾ ശേഖരിക്കുന്നതിനുള്ള അവകാശവും ആദിവാസികളിൽ നിക്ഷിപ്തമാണ്. മേൽപ്പറഞ്ഞ പ്രകാരം വീട് വയ്ക്കാനോ, വനവിഭവങ്ങൾ ശേഖരിക്കാനോ ആദിവാസികൾക്ക് കഴിയാത്ത സാഹചര്യം നിലനിൽക്കുന്നതായി ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ആദിവാസികളുടെ വനഭൂമിക്ക് റവന്യൂ ഭൂമിയുടെ പദവി നൽകി ഭൂമി ക്രയവിക്രയം അടക്കമുള്ള അധികാരം ആദിവാസികൾക്ക് ഉറപ്പ് വരുത്തുന്നതിനുള്ള നിയമ നിർമ്മാണത്തിന് വനം വകുപ്പ് മുൻകൈയെടുക്കുമോ? | (ഡി) | ആദിവാസികൾ തലമുറകളായി കൈവശം വച്ച് അനുഭവിച്ചു വരുന്ന വനഭൂമിയിന്മേലാണ് അവകാശികൾക്ക് കൈവശാവകാശ രേഖ നൽകുന്നത്. ഇങ്ങനെ നൽകുന്ന ഭൂമി ഇടനിലക്കാരുടെയും, ആദിവാസികളെ ചൂഷണം ചെയ്യുന്നവരുടെയും കൈകളിൽ അന്യായമായി |

| | | | |
|---|---|---|---|
| | | | എത്തിച്ചേരുവാനും തുടർന്ന് ടി ഭൂമി അന്യാധീനപ്പെടുന്നതിനും ഇടയാകാതിരിക്കുന്നതിനാണ് കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ച വനാവകാശ നിയമത്തിൽ വ്യക്തിഗത അവകാശം നൽകുന്ന വനഭൂമിക്ക ക്രയവിക്രയ പദവി നൽകാത്തത്. 2006 ലെ വനാവകാശനിയമം ഒരു കേന്ദ്ര നിയമമായതിനാൽ നിയമത്തിന്റെ വ്യവസ്ഥകളിൽ ഏതെങ്കിലും തരത്തിൽ മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെങ്കിൽ ആയത് കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിൽ ഉൾപ്പെടുന്ന കാര്യമാണ്. |

സെക്ഷൻ ഓഫീസർ